LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ പ്ലാൻ, നോൺപ്ലാൻ ശീർഷകങ്ങളിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി കനാലിന്റെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്. എല്ലാവർഷവും ജലവിതരണത്തിന് മുന്നോടിയായി MGNREGS മുഖേന കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നുണ്ട്.

തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം

107(612) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നവീകരണത്തിനാവശ്യമായ തുക അനുവദിച്ച, തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോടിന്റെ നിർമ്മാണ പുരോഗതിയും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പൂർത്തീകരിച്ച നടപടികളും വ്യക്തമാക്കുമോ?

23-4-2018-ലെ സ.ഉ(സാധ)നമ്പർ 300/2018/ ജവിവ ഉത്തരവ് പ്രകാരം കുണ്ടൂർത്തോട് നവീകരണം എന്ന പ്രവൃത്തി കെ.ഐ.ഐ.ഡി.സി.(KIIDC)-യെ ഏല്പിച്ച് ഉത്തരവ് നൽകിയിരുന്നു. എന്നാൽ ആയക്കെട്ട് വിശദാംശങ്ങൾ, മണ്ണിന്റെ മൂല്യനിർണ്ണയ റിപ്പോർട്ട്, മണ്ണ് നീക്കം ചെയ്യൽ പഠനം എന്നിവയുടെ അഭാവംമൂലം ഡി.പി.ആർ. തയ്യാറാക്കുന്നതിന് കാലതാമസം നേരിട്ടു. കിഫ്ബിയുടെ പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു വർഷത്തിനുള്ളിൽ ഭരണവകുപ്പിൽനിന്നും അനുമതി നേടിയിരിക്കണം. അതിൻപ്രകാരം കെ.ഐ.ഐ.ഡി.സി. (KIIDC) ആവശ്യമായ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് ഡി.പി.ആർ. തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും സ.ഉ.(സാധ)നമ്പർ 16/2021/WRD പ്രകാരം 6-1-2021-ൽ അംഗീകാരം നൽകുകയും ചെയ്തു. അതനുസരിച്ച് 30-1-2021-ൽ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചാൽ ഉടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

കടലുണ്ടിപുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കൽ

108(613) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവിന് സമീപം കടലുണ്ടി പുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കുന്നതിന് ആരംഭിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മങ്കട നിയോജകമണ്ഡലത്തിലെ കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്മൽ കടവിനുസമീപം കടലുണ്ടി പുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കുന്ന പ്രവൃത്തി 72% പൂർത്തീകരിച്ചിട്ടുണ്ട്. വേനൽ മഴയും, ശേഷം ടൗട്ടെ ചുഴലിക്കാറ്റ്മൂലം മഴ ശക്തമാവുകയും പുഴയിൽ ജലനിരപ്പുയരുകയും ചെയ്തതിനാൽ ഇപ്പോൾ തീരത്തുള്ള പണികൾ മാത്രം നടക്കുന്നുണ്ട്.

(ബി) നിലവിൽ എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നത്തേയ്ക്ക് പൂർത്തീകരിയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

72% പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി 2022 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

പ്രവൃത്തി 2021 മേയ് 20-ന് പൂർത്തീകരിക്കുന്നതിന് വേണ്ടി പ്രോഗ്രാം ചാർട്ട് തയ്യാറാക്കി അതുപ്രകാരമാണ് മുന്നോട്ടുപോയിരുന്നത്. അപ്രതീക്ഷിതമായ വേനൽമഴയും ചുഴലിക്കാറ്റും കാരണം ഈ സീസണിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല. 2022 മാർച്ച് മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

വയനാട് ജില്ലയിലെ അണക്കെട്ടുകളുമായി ബന്ധപ്പെട്ട ജലവിതരണ പദ്ധതികൾ

109(614) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാണാസുര സാഗർ അണക്കെട്ടുമായി ബന്ധപ്പെട്ട ജലവിതരണ പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങളും പുരോഗതിയും വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉണ്ട്. ബാണാസുര സാഗർ ജലസേചന പദ്ധതിയുടെ 2730 മീറ്റർ നീളമുള്ള പ്രധാന കനാലിന്റെ 2360 മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. 5390 മീറ്റർ നീളമുള്ള വെണ്ണിയോട് ശാഖാ കനാലിന്റെ 690 മീറ്റർ ഭാഗവും 2690 മീറ്റർ നീളമുള്ള